പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2342 — 18/02/2016 ൽ മറുപടിക്ക്

## കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

| | ചോദ്യം<br>ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്ന നടപടിക്രമം ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ; | (എ) | കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നത് സംബന്ധിച്ച ഫയലിൽ (4632/എം1/2014/ആ.കു.വ.) ധനകാര്യവകുപ്പ് ആവശ്യപ്പെട്ട അധിക വിവരങ്ങൾ സംബന്ധിച്ച റിപ്പോർട്ട് ആരോഗ്യവകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിരുന്നുവെങ്കിലും ആയത് പൂർണ്ണമായിരുന്നില്ല. പൂർണ്ണമായ റിപ്പോർട്ട് ആരോഗ്യവകുപ്പ് ഡയറക്ടറിൽ നിന്നും വീണ്ടും ആവശ്യപ്പെട്ടിരിക്കുകയാണ്. |
| (ബി) | ഇക്കാര്യത്തിൽ ധനകാര്യ വകുപ്പിൽ നിന്നും ലഭിച്ച കത്തിന് ആവശ്യമായ മറുപടി നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഇല്ല. ആരോഗ്യവകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ മറുപടി പൂർണ്ണമല്ലാത്തതിനാൽ വീണ്ടും റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. |
| (സി) | താലൂക്ക് ആശുപത്രിയായി ഉയർത്തി എന്നത്തേയ്ക്ക് ഉത്തരവിറക്കാൻ കഴിയുമെന്ന് വിശദമാക്കുമോ ? | (സി) | ആരോഗ്യവകുപ്പ് ഡയറക്ടറിൽ നിന്നും പൂർണ്ണമായ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ